ഉത്തരം

(എ) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനായി സർക്കാർ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ 965697 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 56299 പുതിയ കുടുംബങ്ങളെ 'ആം ആദ്മി ബീമാ യോജന' പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിൽ കൂടുതൽ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

ഖാദി തൊഴിലാളി ക്ഷേമനിധി

197 (2477) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സർക്കാർ വിഹിതത്തിൽ ഭീമമായ കുടിശ്ശികയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര രൂപ ഈ ഇനത്തിൽ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക അടച്ചുതീർക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 2015-16 സാമ്പത്തിക വർഷം വരെ 7,38,44,271 (ഏഴുകോടി മുപ്പത്തിയെട്ട് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) രൂപ കുടിശ്ശിക നൽകുവാനുണ്ട്.

(സി) കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly